പതിമൂന്നാം കേരള നിയമസഭ
അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5593 — 06/07/2012-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന റസിഡൻഷ്യൽ സ്കൂളുകളുടെ - വികസനം

ചോദ്യം — മറുപടി

ശ്രീ എം വി ശ്രേയാംസ് കുമാർ:

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന റസിഡൻഷ്യൽ സ്കൂളുകളിലെ ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള വസ്തുതകൾ വിശകലനം ചെയ്ത് അവശ്യ നടപടികൾ സമയാസമയങ്ങളിൽ നടത്തുന്നതിന് അതാതു ജില്ലയിലെ കളക്ടർ ചെയർമാനായുള്ള ഒരു എക്സിക്യൂട്ടിവ് കമ്മിറ്റിയും ആയതിന്റെ അപ്പലേറ്റ് കമ്മിറ്റിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷനും മറ്റ് പ്രധാന വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഗവേണിംഗ് ബോഡിയും നിലവിൽ പ്രവർത്തിക്കുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ, വിവിധ വകുപ്പുകളുടെ പ്രതിനിധികളും ബന്ധപ്പെട്ട സ്ഥാപന മേലധികാരികളും വകുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു. ഇവ കൂടാതെ, ബന്ധപ്പെട്ട സ്ഥലം എം.എൽ.എ അദ്ധ്യക്ഷനായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉപദേശക സമിതിയും നിലവിലുണ്ട്. <br> ആയതിനു പുറമേ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന്റെ ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല. |
| (സി) | പ്രസ്തുത സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച് നടപടികൾ ആയതിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന സന്ദർഭത്തിൽ തന്നെ സ്വീകരിച്ചു വരുന്നു. തിരുനെല്ലി ആശ്രമം സ്കൂളിനും പൂക്കോട് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കണിയാമ്പറ്റ മോഡൽ റസിഡൻഷ്യൽ സ്കൂളിനുള്ള പുതിയ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

| | | |
|---|---|---|
| | | ഉടൻ ടി കെട്ടിടത്തിലേയ്ക്ക് സ്കൂളിന്റെ പ്രവർത്തനം മാറ്റുന്നതാണ്. ഇതിന് പുറമേ പൂക്കോട് ആശ്രമം സ്കൂളിന്റെ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ 6,70,000/- രൂപയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുനെല്ലി ആശ്രമം സ്കൂൾ, നല്ലൂർനാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായി 2010-11 വർഷം 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അറ്റകുറ്റപണികളും ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം നല്ലൂർനാട് മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അറ്റകുറ്റപണികൾക്കായി 39.90 ലക്ഷം രൂപയും തിരുനെല്ലി ആശ്രമം സ്കൂളിന്റെ അറ്റകുറ്റപണികൾക്കായി 19.70 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ടി പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ